**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1924** — **08-02-2023 - ൽ മറുപടിയ്ക്ക്**

**ക്ഷീരവികസന വകുപ്പിലെ സ്പെഷ്യൽ ഡ്യൂട്ടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സജീവ് ജോസഫ്** | | **ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി)** | |
| (എ) | സ്പെഷ്യൽ ഡ്യൂട്ടി സംബന്ധിച്ച ചീഫ് സെക്രട്ടറിയുടെ ഉത്തരവിന് വിരുദ്ധമായി സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ ക്ഷീരവികസന വകുപ്പിൽ ഏതൊക്കെ തസ്തികകളിൽ സ്പെഷ്യൽ ഡ്യൂട്ടി അനുവദിച്ചിട്ടുണ്ട്; തസ്തിക തിരിച്ചുള്ള പേരും ഓഫിസ് വിലാസവും ലഭ്യമാക്കാമോ; | (എ) | ക്ഷീരവികസന വകുപ്പിലെ ചില ഓഫീസുകളിലെ പ്രവർത്തനങ്ങൾ സുഗമമായി നടത്തുന്നതിനു വേണ്ടി, പ്രസ്തുത ഓഫീസുകളിൽ ചില പ്രധാന തസ്തികകളിൽ ഒഴിവ് വരുമ്പോഴും/സുഗമമായ പ്രവർത്തനങ്ങൾക്കായും ചില ജീവനക്കാരെ താത്കാലികമായി സ്പെഷ്യൽ ഡ്യൂട്ടി വ്യവസ്ഥയിൽ നിയോഗിക്കാറുണ്ട്.<br><br>ഇതു സംബന്ധിച്ച ലിസ്റ്റും കാര്യാലയവും ചുവടെ ചേർക്കുന്നു. |

| | |
|---|---|
| ക്ലാർക്ക്- | 1 – ഡയറക്ടറേറ്റ്, പട്ടം, തിരുവനന്തപുരം |
| ക്ലാർക്ക്/ ടൈപ്പിസ്റ്റ് - | 1 – ഡയറക്ടറേറ്റ്, പട്ടം, തിരുവനന്തപുരം |
| ക്ലാർക്ക് - | ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ്, കോഴിക്കോട് |
| ക്ലാർക്ക് - | ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ്, പാലക്കാട് |
| സീനിയർ ക്ലാർക്ക് - | ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ്, ആലപ്പുഴ |
| സീനിയർ ക്ലാർക്ക് - | പട്ടണക്കാട് ക്ഷീരവികസന യൂണിറ്റ്, ആലപ്പുഴ |
| സീനിയർ ക്ലാർക്ക് - | ചിറ്റൂർ ക്ഷീരവികസന യൂണിറ്റ്, പാലക്കാട് |
| ക്ലാർക്ക് - | ക്വാളിറ്റി കൺട്രോൾ യൂണിറ്റ്, മലപ്പുറം |
| ക്ലാർക്ക് - | ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ്, കണ്ണൂർ |
| ടൈപ്പിസ്റ്റ് - | വാമനപുരം ക്ഷീരവികസന യൂണിറ്റ്, തിരുവനന്തപുരം |
| ഹെഡ് ക്ലാർക്ക് - | 2 – ഡയറക്ടറേറ്റ്, പട്ടം, തിരുവനന്തപുരം |
| ക്ഷീരവികസന | 2– ഡയറക്ടറേറ്റ്/സ്റ്റേറ്റ് |

<table>
<tr>
<td></td>
<td></td>
<td></td>
<td>
<table>
<tr><td>ഓഫീസർ -</td><td>ഡയറി ലാബ്, പട്ടം, തിരുവനന്തപുരം<br><br>1 – പാറശ്ശാല ചെക്ക്പോസ്റ്റ്, തിരുവനന്തപുരം<br><br>1 - ആര്യങ്കാവ് ചെക്ക്പോസ്റ്റ്, കൊല്ലം<br><br>2 - മീനാക്ഷിപുരം ചെക്ക്പോസ്റ്റ്, പാലക്കാട്<br><br>2 – ക്ഷീരകർഷക ക്ഷേമനിധി, പട്ടം, തിരുവനന്തപുരം</td></tr>
<tr><td>ഡയറി ഫാം ഇൻസ്ട്രക്ടർ -</td><td>5 – ക്ഷീരകർഷക ക്ഷേമനിധി, പട്ടം, തിരുവനന്തപുരം<br><br>1 – ഹരിപ്പാട് ക്ഷീരവികസന യൂണിറ്റ്, ആലപ്പുഴ</td></tr>
<tr><td>ലാബ് ടെക്നീഷ്യൻ -</td><td>1 - മീനാക്ഷിപുരം ചെക്ക്പോസ്റ്റ്, പാലക്കാട്</td></tr>
<tr><td>ലാബ് അസിസ്റ്റന്റ് -</td><td>1 - മീനാക്ഷിപുരം ചെക്ക്പോസ്റ്റ്, പാലക്കാട്</td></tr>
</table>
</td>
</tr>
<tr>
<td>(ബി)</td>
<td>ഒരു വർഷമായി ക്ഷീരവികസന വകുപ്പ് ഡയറക്ടറേറ്റിൽ സ്പെഷ്യൽ ഡ്യൂട്ടിയിൽ തുടരുന്ന കണ്ണൂർ ജില്ല ക്ഷീരവികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലെ ഹെഡ് ക്ലാർക്കിന് സർക്കാർ അനുമതിയില്ലാതെ 16.01.2023-ലെ ഡി.ഡി.ഡി.കെ.ഇ.ആർ./3683/2022-ഇ2 നമ്പർ ഉത്തരവ് പ്രകാരം പുതുക്കി അനുവദിച്ച സ്പെഷ്യൽ ഡ്യൂട്ടി റദ്ദ് ചെയ്യുവാനുള്ള നടപടി സ്വീകരിക്കുമോ;</td>
<td>(ബി)</td>
<td>ക്ഷീരവികസന വകുപ്പ് ഡയറക്ടറേറ്റിൽ ക്ലാർക്ക് തസ്തികയിൽ പി.എസ്.സി ലിസ്റ്റ് ലഭ്യമാക്കാതിരുന്ന സാഹചര്യത്തിലും, നിലവിൽ ജോലിയിൽ തുടർന്നിരുന്ന ക്ലാർക്കുമാർ സ്ഥലം മാറ്റമോ സ്ഥാനക്കയറ്റമോ മുഖാന്തിരം ഉണ്ടായ ഒഴിവുകളിന്മേൽ ആണ് ആവശ്യകത കണക്കിലെടുത്ത് സ്പെഷ്യൽ ഡ്യൂട്ടി അനുവദിച്ചിരുന്നത്. വകുപ്പ് അദ്ധ്യക്ഷന്റെ കാര്യാലയം ആയതിനാലും, 14 ജില്ലകളിലെ കാര്യങ്ങൾ നിയന്ത്രിക്കേണ്ട ഓഫീസ് ആയതിനാലും, ഈ കാലയളവിൽ ഫയൽ തീർപ്പാക്കൽ കർമ്മപരിപാടി നടന്നിരുന്നതിനാലും, ഒഴിവുള്ള ചില സുപ്രധാന സീറ്റുകളിൽ പരിചയസമ്പന്നരായ ജീവനക്കാർ വേണ്ടതിനാലുമാണ് ഡയറക്ടറേറ്റിൽ ഉണ്ടാകുന്ന ഒഴിവുകൾ നികത്തുന്നതിനായി സ്പെഷ്യൽ ഡ്യൂട്ടിയിൽ ജീവനക്കാരെ താൽക്കാലികമായി നിയോഗിക്കുന്നത്. ഈ സെക്ഷനുകളിൽ പരിചയസമ്പന്നരായ ജീവനക്കാർ അല്ലാത്തപക്ഷം ഹെഡ് ഓഫീസ് എന്ന നിലയിൽ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ഫയലുകൾ</td>
</tr>
</table>

| | | | |
|---|---|---|---|
| | | | സമയബന്ധിതമായി കൈകാര്യം ചെയ്യുന്നതിനും സാധിക്കാതെ വരും.<br><br>ടി ഒഴിവുകൾ സമയബന്ധിതമായി തന്നെ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യാറുമുണ്ട്. എന്നാൽ പി.എസ്.സി മുഖാന്തിരമുള്ള ലിസ്റ്റ് ലഭ്യമാക്കാത്തതിനാലാണ്, ജോലികൾ തടസ്സപ്പെടാതിരിക്കുന്നതും, സേവനം കൃത്യമായി ലഭിക്കുന്നതിനുമായി ചില പ്രധാന സെക്ഷനുകളിൽ സ്പെഷ്യൽ ഡ്യൂട്ടി മുഖാന്തിരം ജീവനക്കാരെ നിയോഗിച്ചിരിക്കുന്നത്. ഇത് ഒരു സ്ഥിരമായ നിയമനമല്ല. പി.എസ്.സി മുഖാന്തിരമോ മറ്റേതെങ്കിലും വഴിയോ ജീവനക്കാരെ നിയമിക്കുന്ന മുറയ്ക്ക് സ്പെഷ്യൽ ഡ്യൂട്ടി അവസാനിപ്പിച്ച് ജീവനക്കാരെ തിരികെ സ്വന്തം ലാവണങ്ങളിലേയ്ക്ക് തിരിച്ചയയ്ക്കുന്നതുമാണ്. ഹെഡ് ഓഫീസിന്റെ ജോലികൾ കൃത്യമായും സുഗമമായും തടസ്സമില്ലാതെ നടത്തുന്നതിനായാണ് താത്ക്കാലികമായി മാത്രം ചുരുങ്ങിയ കാലയളവിലേക്ക് സ്പെഷ്യൽ ഡ്യൂട്ടി അനുവദിച്ചിരിക്കുന്നത്. |
| (സി) | ക്ഷീരവികസന വകുപ്പ് ഡയറക്ടറേറ്റ്, തിരുവനന്തപുരം ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ്, ക്ഷീരകർഷക ക്ഷേമ നിധി എന്നിവിടങ്ങളിൽ ഏതൊക്കെ തസ്തികകളിൽ ആരൊക്ക സ്പെഷ്യൽ ഡ്യൂട്ടിയിൽ ജോലി ചെയുന്നുണ്ട്; ഇവർക്ക് സ്പെഷ്യൽ ഡ്യൂട്ടി അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ? | (സി) | ശ്രീ.ശ്രീജിത്ത്.പി – ക്ഷീരവികസന ഓഫീസർ (ഡയറക്ടറേറ്റ്)<br><br>ശ്രീമതി.നിമി അമീർ - ക്ഷീരവികസന ഓഫീസർ (സ്റ്റേറ്റ് ഡയറി ലാബ്)<br><br>ശ്രീമതി.മീര.വി.ആർ - ക്ഷീരവികസന ഓഫീസർ (ക്ഷേമനിധി)<br><br>ശ്രീമതി.ശ്രീലത.റ്റി.സി – ക്ഷീരവികസന ഓഫീസർ (ക്ഷേമനിധി)<br><br>ശ്രീ.സജയൻ.വി – ക്ലാർക്ക്/ടൈപ്പിസ്റ്റ് (ഡയറക്ടറേറ്റ്)<br><br>ശ്രീമതി.ഉമ മഹേശ്വരി.റ്റി.വി – ക്ലാർക്ക് (ഡയറക്ടറേറ്റ്)<br><br>ശ്രീമതി.ഉദയ.എൽ.ആർ - ഹെഡ് ക്ലാർക്ക് (ഡയറക്ടറേറ്റ്)<br><br>ശ്രീ.പത്മകുമാർ.എ.കെ – ഹെഡ് ക്ലാർക്ക് (ഡയറക്ടറേറ്റ്)<br><br>ശ്രീമതി.അമല ലക്ഷ്മി – ഡയറി ഫാം ഇൻസ്ട്രക്ടർ (ക്ഷേമനിധി)<br><br>ശ്രീമതി.ദീപ മോൾ – ഡയറി ഫാം ഇൻസ്ട്രക്ടർ (ക്ഷേമനിധി) |

| | | | |
|---|---|---|---|
| | | | ശ്രീമതി.റീന.വി.ജെ – ഡയറി ഫാം ഇൻസ്ട്രക്ടർ (ക്ഷേമനിധി)<br><br>ശ്രീമതി.സിംന – ഡയറി ഫാം ഇൻസ്ട്രക്ടർ (ക്ഷേമനിധി)<br><br>ശ്രീമതി.റാണി പ്രിയദർശിനി – ഡയറി ഫാം ഇൻസ്ട്രക്ടർ (ക്ഷേമനിധി)<br><br>എന്നിവർ ക്ഷീരവികസന വകുപ്പ് ഡയറക്ടറേറ്റ്, ക്ഷേമനിധി എന്നിവിടങ്ങളിൽ സ്പെഷ്യൽ ഡ്യൂട്ടി ചെയ്തു വരുന്നു. വകുപ്പിലെ ഉത്തരവ് പ്രകാരമാണ് സ്പെഷ്യൽ ഡ്യൂട്ടി അനുവദിച്ചു വരുന്നത്. |

സെക്ഷൻ ഓഫീസർ